# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **447**

**29.06.2016**- ലെ മറുപടിക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ.വി.റ്റി. ബൽറാം**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. അനിൽ അക്കര** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ മുൻ ഗവൺമെന്റ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കമോ ? | (എ) സഹകരണ മേഖലയിൽ 2011 മുതൽ ആശ്വാസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങളെ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യത യിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെ യാണ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയി ട്ടുള്ളത്.സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കിയത്. 2011 മുതൽ 2012, 2014, 2015, 2016 വർഷങ്ങളിൽ സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മൂലം കൈവരിക്കാനുദ്ദേശിച്ചിരുന്നത്; പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; | (ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുക, കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളാക്കി/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സഹകരണ മേഖല |

…....2

യിൽ ആശ്വാസ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ/ മാരക രോഗം ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാ പിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/ അനാഥർ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകിയിട്ടുണ്ട്.

"ആശ്വാസ്" എന്ന പേരിൽ ഇപ്രകാരം കുടിശ്ശിക പിരിക്കുന്നതിന് നടത്തിയ പദ്ധതികളിലൂടെ ചുവടെ പരാമർശിക്കുന്ന തുകകൾ കുടിശ്ശികയിനത്തിൽ ഈടാക്കിയെടുത്തിട്ടുണ്ട്.

| വർഷം | തുക (രൂപ) |
|---|---|
| 2011 | 1007.05 കോടി |
| 2012 | 1995.61 കോടി |
| 2014 | 3079.53 കോടി |
| 2015 | 4030.98 കോടി |
| 2016 | 4089.78 കോടി |

ഇപ്രകാരം കുടിശ്ശിക ഈടാക്കിയതിലൂടെ പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിങ്ങനെയായി ചുവടെ പരാമർശിക്കുന്ന തുകകൾ വായ്പക്കാർക്ക് ഇളവ് നൽകിയിട്ടുണ്ട്:

| വർഷം | തുക (രൂപ) |
|---|---|
| 2011 | 45.62 കോടി |
| 2012 | 53.48 കോടി |
| 2014 | 128.39 കോടി |
| 2015 | 140.54 കോടി |
| 2016 | 132.77 കോടി |

സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) ആശ്വാസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാന, ജില്ലാ, താലൂക്ക് തല കമ്മിറ്റികൾക്ക് രൂപം നൽകി ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി സംഘം/ ബാങ്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് കൂടുതൽ വകുപ്പുതല ഉദ്യോഗസ്ഥരെ വിന്യസിച്ചിരുന്നു. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾ ക്കിടയിൽ എത്തിക്കുന്നതിനു വേണ്ടിയും ആയതു വഴി വിജയകരമായ നടത്തിപ്പിനുമായി ഫ്ലക്സ് ബോർഡുകൾ, നോട്ടീസുകൾ, മൈക്ക് പബ്ലിസിറ്റി എന്നിവ വഴി സംഘം/ ബാങ്ക് തലത്തിലും പ്രചാരണം നടത്തുകയുണ്ടായി. കൂടാതെ ആശ്വാസ് പദ്ധതി പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ അധികരിച്ച് സംഘം നൽകുന്ന ഇളവുകൾക്ക് വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**